➪ പശ്ചിമഘട്ട മേഖലയിലെ 38 എം.പിമാർ അതിൽ പങ്കെടുത്തു ➪

# ഗാഡ്ഗിൽ റിപ്പോർട്ടിനെ ഒന്നുമറിയാതെ പിന്തുണച്ചതല്ല

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ അനുകൂലിച്ചതിന്റെ പേരിൽ ഏറെ എതിർപ്പുകൾ നേരിടേണ്ടിവരുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അവസരം പോലും നഷ്ടപ്പെടുകയും ചെയ്തു ഇടുക്കി മുൻ എം.പി പി.ടി. തോമസിന്. ഇലക്ഷനെത്തുമ്പോൾ നിലപാടുകൾ വോട്ടിന് വേണ്ടി മയപ്പെടുത്തുന്ന രാഷ്ട്രീയ അടവുനയം ധീരമായി വേണ്ടെന്ന് വച്ച് അദ്ദേഹം സ്ഥാനത്യാഗത്തിന് തയ്യാറായി. ഹൃദയശസ്ത്രക്രിയയെ തുടർന്ന് തൃശൂരിലെ ബന്ധുവസതിയിൽ വിശ്രമിക്കവെ ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് പറഞ്ഞ കാര്യങ്ങളിൽ അടിയുറച്ചുനിന്നതിന്റെ കാരണങ്ങൾ അദ്ദേഹം കേരളീയവുമായി പങ്കുവച്ചു.

**പി.ടി. തോമസ്/ കേരളീയം**

**പശ്ചിമഘട്ട സംരക്ഷണത്തിന്റെ കാര്യത്തിൽ താങ്കളെടുത്ത നിലപാട് കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് വളരെ സുപ്രധാനമായ ഒന്നാണ്. എന്നാൽ അത്തരത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിന് അനുകൂലമായ ഒരു നിലപാട് കൈക്കൊണ്ടതിന്റെ പേരിൽ താങ്കൾ ബലിയാടാക്കപ്പെടുകയാണുണ്ടായത്. പള്ളിയും പാർട്ടിയും താങ്കളെ തള്ളിപ്പറഞ്ഞു. അവഹേളനങ്ങളെയും ആരോഗ്യപ്രശ്നങ്ങളെയും നേരിടേണ്ടിവന്നു. ഇപ്പോൾ ആലോചിക്കുമ്പോൾ നിരാശ തോന്നുന്നുണ്ടോ?**

ഒരിക്കലുമില്ല. എന്റെ നിലപാട് കേവലം ഒരു എടുത്തുചാട്ടമോ കാര്യങ്ങൾ മനസ്സിലാക്കാതെയുള്ള വാഗ്വാദമോ ആയിരുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ നടന്ന കാമ്പയിനുകളിൽ ആരോപിക്കപ്പെട്ടിരുന്ന കാര്യങ്ങൾ തീർത്തും വസ്തുതാവിരുദ്ധമാണെന്നും സ്ഥാപിത താത്പര്യങ്ങളാണ് അതിന് പിന്നിലുള്ളതെന്നും ഉറച്ച ബോധ്യമുള്ളതിനാലാണ് ഞാൻ നിലപാടെടുത്തത്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം നന്നായി മനസ്സിലാക്കിയ ശേഷം കൈക്കൊണ്ട തീരുമാനമാണത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് പശ്ചിമഘട്ടം കടന്നുപോകുന്ന പ്രദേശങ്ങളിലുള്ള മുഴുവൻ പാർലമെന്റ് അംഗങ്ങളുടെയും ഒരു യോഗം കമ്മിറ്റി അംഗങ്ങളുടെ ആഭിമുഖ്യത്തിൽ വിളിച്ചുചേർത്തിരുന്നു. അഞ്ച് സംസ്ഥാനങ്ങളിൽ നിന്നുള്ള പശ്ചിമഘട്ട മേഖലയിലെ 38 എം.പിമാർ അതിൽ പങ്കെടുത്തു. ഞാനും പങ്കെടുക്കുകയും എന്റെ അഭിപ്രായങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. ഇടുക്കിയുടെ പ്രതിനിധി എന്ന നിലയിൽ, മലയോരങ്ങളിലെ കർഷക ജനതയ്ക്ക് പ്രശ്നങ്ങളൊന്നുമുണ്ടാകരുത് എന്ന കാര്യം ഞാൻ പ്രത്യേകം പറഞ്ഞിരുന്നു. അതിനെല്ലാം ഗാഡ്ഗിൽ സമിതി അംഗങ്ങൾ വ്യക്തമായ മറുപടി നൽകുകയുണ്ടായി. ആ മീറ്റിംഗും കഴിഞ്ഞ് ആറ്-ഏഴ് മാസത്തിന് ശേഷമാണ് അവർ റിപ്പോർട്ട് കൊടുക്കുന്നത്. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് ഒന്നുമറിയാതെ പിന്തുണയ്ക്കുകയായിരുന്നില്ല ഞാൻ എന്ന് അതുകൊണ്ടാണ് പറയുന്നത്.

**അക്കാര്യം ഇടുക്കിയിലെ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിയാതെ പോയിട്ടുണ്ടോ?**

ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചിരുന്നു. പക്ഷെ അവിടെയും ബോധപൂർവ്വം ചിലർ പ്രശ്നങ്ങളുണ്ടാക്കി. ഗാഡ്ഗിൽ റിപ്പോർട്ടിൽ കർഷകർക്ക് സഹായകമാകു


ന്ന കാര്യങ്ങൾ മാത്രമാണുള്ളതെന്നാണ് എനിക്ക് മനസ്സിലായത്. അത് ഇടുക്കിയിലെ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും അവർക്ക് റിപ്പോർട്ടിന്റെ ഉള്ളടക്കടത്തെക്കുറിച്ച് പറയുന്നത് കേൾക്കുന്നതിനുമായി കട്ടപ്പന ടൗൺഹാളിൽ ഞാൻ ഒരു മീറ്റിംഗ് വിളിച്ചു ചേർത്തിരുന്നു. എം.പി എന്ന നിലയിൽ വ്യക്തിപരമായ താത്പര്യമെടുത്ത് സംഘടിപ്പിച്ച ആ യോഗത്തിലേക്ക് ഇടുക്കിയിലെ എല്ലാ ജനപ്രതിനിധികളെയും കർഷക പ്രതിനിധികളെയും ക്ഷണിക്കുകയും ചെയ്തിരുന്നു. മിക്കവാറും എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അംഗങ്ങളും കർഷകരും ഉൾപ്പെടെ അഞ്ഞൂറോളം പേർ മീറ്റിംഗിനെത്തി. ജൈവവൈവിധ്യ ബോർഡ് ചെയർമാനായ ഉമ്മൻ.വി. ഉമ്മനെ റിപ്പോർട്ടിനെക്കുറിച്ച് വിശദീകരിക്കാനായും വിളിച്ചു. അദ്ദേഹം സംസാരിച്ചു തുടങ്ങിയതോടെ ഹാളിൽ കൂടിയിരുന്ന ചിലർ ബഹളമുണ്ടാക്കാൻ തുടങ്ങി. ഗാഡ്ഗിൽ റിപ്പോർട്ട് മലയോര കർഷകരെ ദ്രോഹിക്കുന്നതിനുള്ള ഗൂഢാലോചനയാണ്, അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ സമ്മതിക്കില്ല എന്നു പറഞ്ഞാണ് അവർ ബഹളം തുടങ്ങിയത്. എന്നാൽ അത് അവഗണിച്ച് ഞങ്ങൾ ചർച്ച തുടരാൻ ശ്രമിച്ചതോടെ ബഹളം കൂടി. വെല്ലുവിളിയുടെ സ്വരത്തിലേക്ക് അത് മാറി. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് സംസാരിച്ചാൽ കൊല്ലുമെന്നും കുത്തി കുടൽമാല പുറത്തെടുക്കുമെന്നും അവർ ആക്രോശിച്ചു. എന്നാൽ അവിടെക്കൂടിയിരുന്ന ജനപ്രതിനിധികൾ തങ്ങൾക്ക് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് അറിയാൻ താത്പര്യമുണ്ടെന്നും പറയുന്നത് കേൾക്കാൻ സമ്മതിക്കണമെന്നും ആവശ്യപ്പെട്ടു. പക്ഷെ ബഹളം നിർത്താൻ അവർ കൂട്ടാക്കിയില്ല. ആദ്യം ഞാൻ ബഹളത്തിൽ ഇടപെടാതെ വളരെ സംയമനത്തോടെ ഇരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് നിഷ്പക്ഷമായി ആലോചിക്കുന്നതിനാണ് യോഗം വിളിച്ചിരിക്കുന്നതെന്ന് ആദ്യം സംസാരിച്ചപ്പോൾ തന്നെ വ്യക്തമാക്കിയതാണ്. ഒടുവിൽ ഞാൻ ഇടപെട്ടു. ചോരപ്പുഴയൊഴികിയാലും ഇവിടെ മീറ്റിംഗ് നടക്കുമെന്നും ഇറങ്ങിപ്പോകേണ്ടവർക്ക് പോകാമെന്നും പറഞ്ഞു. ടൗൺ ഹാളിന്റെ എല്ലാ വാതിലുകളും തുറന്നിട്ടു. പിന്നെയും കുറച്ച് നേരം ബഹളം വച്ചിട്ട് അവർ ഇങ്ങിപ്പോയി. അന്നാണ് പ്രശ്നത്തിന്റെ ഗൗരവം എനിക്ക് മനസ്സിലായത്. ബഹളം വച്ചവരിൽ പലരെയും എനിക്കറിയാമായിരുന്നു. അതിൽ ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പ്രവർത്തകരുണ്ട്. ചില പാറമടക്കാരുണ്ട്. തടി വെട്ടുന്ന കോൺട്രാക്ടർമാരുടെ ആളുകളുണ്ട്. ആരുടെ താത്പര്യ പ്രകാരമാണ് അവർ മീറ്റിംഗ് മുടക്കിയതെന്ന് എനിക്ക് മനസ്സിലായി. ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ശക്തമായ ഒരു കുപ്രചരണം ഇക്കൂട്ടരുടെ മുൻകൈയിൽ നടക്കുന്നുണ്ടെന്ന വിവരം അന്നാണ് ബോധ്യമായത്. അതിനെക്കുറിച്ച് ഞാൻ വിശദമായി അന്വേഷിച്ചു. ഈ മീറ്റിംഗ് നടക്കുന്നതിന് രണ്ട് ദിവസം മുമ്പ് വെള്ളിയാംകുടി മേഖലയിലുള്ള ചില പള്ളികളിൽ പി.ടി. തോമസ് വിളിക്കുന്ന യോഗം തടയണമെന്ന് കുറുബാന മധ്യേ പുരോഹിതർ പറഞ്ഞതായറിഞ്ഞു. ഹൈറേഞ്ച് സംരക്ഷണ സമിതി ഈ മീറ്റിംഗിനെതിരെയുള്ള ഒരു നോട്ടീസ് പത്രങ്ങൾക്കൊപ്പം വിതരണം ചെയ്യുകയും ചെയ്തിരുന്നു. അത്തരം ഇടപെടലുകൾ ജനങ്ങൾക്കിടയിൽ വലിയ തെറ്റിദ്ധാരണ പരത്തി. ജനാധിപത്യ സംസ്കാരം ഉണ്ടെന്ന് പറയപ്പെടുന്ന കേരളം പോലെയൊരു സംസ്ഥാനത്ത് ചർച്ച പോലും അനുവദിക്കാത്ത വിധത്തിലുള്ള പരിഭ്രാന്തി പരത്തപ്പെട്ടു. ഹൈറേഞ്ച് സംരക്ഷണ സമിതി തന്നെയാണ് അതിന്റെ ഉറവിടം എന്നത് കട്ടപ്പനയിലെ അനുഭവത്തിൽ നിന്നും വ്യക്തമാണ്.

പിന്നീട് ഇടുക്കിയിൽ നടന്ന പല മീറ്റിംഗുകളിലും കട്ടപ്പനയിലെ യോഗം അലമ്പാക്കിയവരെ ഞാൻ കണ്ടിട്ടുണ്ട്. ആ ഗൂഢാലോചന തുറന്നുകാണിക്കാൻ ശ്രമിച്ചതിനാലാണ് ഞാൻ വേട്ടയാടപ്പെട്ടത്. കസ്തൂരിരംഗൻ കമ്മിറ്റി ഇടുക്കി സന്ദർശിക്കാനെത്തിയപ്പോഴും ഇതേ സമീപനമാണ് അവരുടെ ഭാഗത്ത് നിന്നുമുണ്ടായത്. വിയോജിപ്പുണ്ടെങ്കിൽ അത് വ്യക്തമായി പറഞ്ഞു ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. ബഹളമുണ്ടാക്കുന്നവർക്ക് അതിനുള്ള ബാധ്യതയുണ്ട്.

**ഹൈറേഞ്ച് സംരക്ഷണ സമിതി തുടങ്ങിവച്ചെങ്കിലും പിന്നീട് ആ കാമ്പയിൻ ഇടുക്കിയിലെ എല്ലാ പ്രമുഖ രാഷ്ട്രീയ കക്ഷികളും ഏറ്റെടുത്തല്ലോ, താങ്കളുടേതടക്കം. ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ ജനപിന്തുണ കണ്ട് ഭയന്നിട്ടാണോ രാഷ്ട്രീയ പാർട്ടികൾ ഈ കുപ്രചരണത്തിന് കൂട്ടുനിന്നത്?**

അത്ര വലിയ ജനപിന്തുണയുള്ള സംഘടനയൊന്നുമല്ല ഹൈറേഞ്ച് സംരക്ഷണ സമിതി. ഗാഡ്ഗിൽ-കസ്തൂരിരംഗൻ വിഷയത്തിലൂടെ അവർ ജനപിന്തുണ വർദ്ധിപ്പിച്ചിട്ടുണ്ട്. അതു കണ്ട് ചില രാഷ്ട്രീയക്കാർ ഭയന്നു പോയി എന്നത് സത്യമാണ്. ചിലർ ആ പിന്തുണ മു

⇨ *ശാസ്ത്ര സാഹിത്യ പരിഷത്ത് ഉൾപ്പെടെയുള്ള സംഘടനകളെയും സി.പി.എം നിലപാട് പ്രതിസന്ധിയിലാക്കി* ⇨




ഗാഡ്ഗിൽ കമ്മിറ്റി അംഗങ്ങളായ ചിലർക്ക് യു.എസ് എയ്ഡ് എന്ന സംഘടനയുടെ വിദേശ സഹായം കിട്ടുന്നുണ്ടെന്നായിരുന്നു ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പ്രധാന അരോപണം. അതേ യു.എസ് എയിഡിന്റെ സഹായം അവരുടെ സംഘടനയായി ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റി വാങ്ങുന്നതായി അവരുടെ തന്നെ വെബ്സൈറ്റ് പറയുന്നു.

തലെടുക്കാനും ശ്രമിച്ചു. ജോയ്സ് ജോർജ്ജ് ഇടതുപക്ഷ സ്ഥാനാർത്ഥിയായി വന്നപ്പോൾ അക്കാര്യം എല്ലാവർക്കും ബോധ്യമായതാണല്ലോ. ശരിക്കും ജോയ്സ് ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ സ്ഥാനാർത്ഥിയായിരുന്നു. രാഷ്ട്രീയ മുതലെടുപ്പിന് വേണ്ടി സി.പി.എം പിന്തുണ നൽകിയതാണ്. സി.പി.എമ്മിന്റെ നിലപാട് എന്നെ ഏറ്റവും ഞെട്ടിച്ചത്. രാഷ്ട്രീയ വിഷയങ്ങളിൽ തത്വാധിഷ്ഠിത നിലപാടെടുക്കുന്ന പാർട്ടിയാണെന്നാണ് സി.പി.എമ്മിനെക്കുറിച്ച് ഇപ്പോഴും ജനങ്ങൾക്കുള്ള ധാരണ. അത് തീർത്തും തെറ്റാണെന്ന് തെളിയിക്കുന്ന രാഷ്ട്രീയ കൂട്ടുകെട്ടാണ് സി.പി.എം ഇടുക്കിയിൽ രൂപീകരിച്ചത്. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് മുതലെടുപ്പ് നടത്തുന്ന ഹൈറേഞ്ച് സംരക്ഷണ സമിതിയുമായി അവർ സഖ്യത്തിലായി. തെരഞ്ഞെടുപ്പ് താത്പര്യം മാത്രമല്ല ആ സഖ്യത്തിന് പിന്നിലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സി.പി.എമ്മിന്റെ താഴെത്തട്ടിലുള്ള അണികളെ ആ സഖ്യം പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പല പ്രാദേശിക നേതാക്കളും അക്കാര്യം എന്നോട് പറഞ്ഞിട്ടുമുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിനെ അനുകൂലിച്ചിരുന്ന ശാസ്ത്ര സാഹിത്യ പരിഷത്ത് ഉൾപ്പെടെയുള്ള ഇടത് അനുഭാവ സംഘടനകളെയും സി.പി.എം നിലപാട് പ്രതിസന്ധിയിലാക്കി. കട്ടപ്പനയിൽ പരിഷത്ത് നടത്താനിരുന്ന ഒരു സെമിനാർ അവർ തന്നെ വേണ്ടെന്ന് വച്ചു. സംഘർഷമുണ്ടാകാൻ സാധ്യതയുണ്ടെന്നായിരുന്നു അവരുടെ വിശദീകരണം. എന്നാൽ സി.പി.എമ്മിന്റെ നിലാപടു മാറ്റം അന്ന് അവരെ സ്വാധീനിച്ചതായാണ് എനിക്ക് തോന്നുന്നത്.

എന്റെ പാർട്ടിയുടെ തീരുമാനവും ഞെട്ടിക്കുന്നതായിരുന്നു. ഗാഡ്ഗിൽ-കസ്തൂരിരംഗൻ വിരുദ്ധ കാമ്പയിനിന്റെ ഗുണമുണ്ടാകാൻ പോകുന്നത് സി.പി.എമ്മിനാണെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. എന്നാൽ മുഖ്യമന്ത്രിയും അന്ന് കെ.പി.സി.സി പ്രസിഡന്റായിരുന്ന രമേശ് ചെന്നിത്തലയുമെല്ലാം എന്റെ നിലപാടിനെ പിന്തുണച്ചിരുന്നവരാണ്. ജില്ലയിലെ കോൺഗ്രസ് നേതൃത്വം ഇടുക്കിയിലെ ചില പുരോഹിതരുടെ മുൻകൈയിൽ നടന്ന പ്രചരണത്തെ ഭയന്നതോടെയാ

# പട്ടയം നൽകാനുള്ള തീരുമാനം ഹൈറേഞ്ച് സംരക്ഷണ സമിതി അട്ടിമറിച്ചു

ഇടുക്കി ജില്ലയിലെ ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുതി പദ്ധതി പ്രദേശങ്ങളിലെ കുടിയേറ്റക്കാർക്ക് പട്ടയം നൽകാനുള്ള മന്ത്രിസഭാ തീരുമാനത്തെ ഹൈറേഞ്ച് സംരക്ഷണ സമിതി എതിർത്തതിലൂടെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിൽ സമിതിക്ക് താത്പര്യമില്ലെന്ന വസ്തുത വെളിപ്പെട്ടിരിക്കുന്നു. 1997ൽ വൈദ്യുതി വകുപ്പ് മന്ത്രിയായിരുന്ന എസ്. ശർമ ഉപേക്ഷിച്ചതായി പ്രഖ്യാപിച്ച പെരിഞ്ചാംകുട്ടി ജലവൈദ്യുതി പദ്ധതി പ്രദേശത്തടക്കം ആയിരക്കണക്കിന് കർഷകർക്ക് പട്ടയം ലഭിക്കുന്നതാണ് സമിതി തടസ്സം നിന്നത്. 2013 ഡിസംബർ 28ന് പട്ടയ വിതരണം നടത്താനിരുന്ന ദിവസം ഇടുക്കിയിൽ ഹർത്താൽ പ്രഖ്യാപിച്ചാണ് അവർ ആ തീരുമാനം അട്ടിമറിച്ചത്. പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശത്തും ഇടുക്കി ഡാമിന്റെ റിസർവോയറോടുചേർന്ന് രണ്ടു കിലോമീറ്റർ ചുറ്റളവിൽ ഇരട്ടയാർ, അയ്യൻകോവിൽ, കാഞ്ചിയാർ, ഉപ്പുതറ എന്നീ മേഖലകളിലുമായി 7400 ഹെക്ടർ ഭൂമിക്കാണ് പട്ടയം നൽകാൻ തീരുമാനമായത്. 1964ലെ ഭൂമി പതിവ് നിയമമനുസരിച്ചായിരിക്കും പട്ടയം. ഒരു കുടുംബത്തിന് പരമാവധി ഒരേക്കർ വരെ മാത്രമെ പതിച്ച് കൊടുക്കാവൂ എന്ന 2005ലെ ഭേദഗതിയും 25വർഷത്തേക്ക് ഭൂമി കൈമാറ്റം ചെയ്യരുതെന്ന 2009ലെ ഭേദഗതിയും റദ്ദാക്കിയാണ് സർക്കാർ ഈ തീരുമാനം കൈക്കൊണ്ടത്. ഒരു കുടുംബത്തിന് മൂന്നേക്കർ വരെയുള്ള പട്ടയത്തിനാണ് അർഹതയെങ്കിലും ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശത്ത് നാലേക്കർ വരെ പട്ടയം നൽകാൻ മന്ത്രിസഭ അനുമതി നൽകി. ഇതേസമയം, 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമിയിൽ പ്രവേശിച്ചവർക്ക് പട്ടയം നൽകുന്നതിനുള്ള 1993ലെ പ്രത്യേക ഭൂമി പതിവ് നിയമത്തിൽ ഭേദഗതി വരുത്തുയിട്ടില്ല. ഈ നിയമപ്രകാരം ഒരു കുടുംബത്തിന് നാലേക്കർ വരെ ഭൂമിക്ക് പട്ടയത്തിന് അർഹതയുണ്ട്. 1977 ജനുവരി ഒന്നിന് മുമ്പ് കൈവശത്തിലുള്ളതും വനംറവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ ഉൾപ്പെട്ടതുമായ ഭൂമി ഇപ്പോൾ ആരുടെ പക്കലാണോ അവർക്ക് പട്ടയം നൽകാനും മന്ത്രിസഭ അനുമതി നൽകിയിരുന്നു. പെരിഞ്ചാംകുട്ടി പദ്ധതി പ്രദേശത്തെ പട്ടയ വിതരണം ഹൈറേഞ്ച് സംരക്ഷണ സമിതി തടസ്സപ്പെടുത്തിയത് രാഷ്ട്രീയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണെന്ന് ആരോപിച്ച് വാത്തിക്കുടി, കൊന്നത്തടി, നെടുങ്കണ്ടം, ഇരട്ടയാർ പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ സമിതിക്കെതിരെ രംഗത്ത് വന്നിരുന്നു. ഇരട്ടയാർ, കല്ലാർ എന്നിവിടങ്ങളിൽ അണക്കെട്ടുകൾ നിർമിച്ചതോടെയാണ് 1997ൽ പെരിഞ്ചാംകുട്ടി പദ്ധതി ഉപേക്ഷിക്കുന്നത്. ഹർത്താൽ നടത്തി എതിർത്തെങ്കിലും ഹൈറേഞ്ച് സംരക്ഷണ സമിതി ഇനിയും വ്യക്തമായ നിലപാട് പറയാത്ത വിഷയമാണിത്.

**– കേരളീയം വാർത്താശൃംഖല**

ണ് കാര്യങ്ങൾ തകിടം മറിഞ്ഞത്. അതോടെ ഞാൻ ഒറ്റപ്പെട്ടു. കോൺഗ്രസ്സ് പാർട്ടിയുടെയും കത്തോലിക്ക സഭയുടെയും പല കോണുകളിൽ നിന്നും എനിക്ക് പിന്തുണ ലഭിച്ചെങ്കിലും അതിനെയെല്ലാം മറികടക്കുന്ന തരത്തിലുള്ള അതിശക്തമായ പ്രചരണം ഹൈറേഞ്ച് സംരക്ഷണ സമിതി എനിക്കെതിരെ നടത്തി. അത് നിങ്ങളെല്ലാവരും കണ്ടതാണല്ലോ.

**എന്തായിരുന്നു താങ്കളോട് ഇത്രയധികം വ്യക്തി വിരോധമുണ്ടാകാനുള്ള കാരണം?**

പല കാരണങ്ങളും ഞാൻ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. ഏലം ലേലവുമായി ബന്ധപ്പെട്ട് ഞാൻ സ്വീകരിച്ച നിലപാടാണ് ഒരു പ്രധാന കാരണം. ഏലം ലേലത്തിലൂടെ മാത്രം വിൽക്കാനേ നിലവിൽ ഏലം കർഷകർക്ക് അനുമതിയുള്ളൂ. ലേലം ഏജൻസികൾ ഇത് മുതലെടുത്ത് ചെറുകിട ഏലം കർഷകരെ വലിയ രീതിയിൽ ചൂഷണം ചെയ്യുന്നുണ്ട്. ലേലത്തിലൂടെ വിൽക്കുമ്പോൾ കർഷകർക്ക് നല്ല വില ലഭിക്കുന്നില്ലെന്ന് മാത്രമല്ല ഇടനിലക്കാരായ വ്യാപാരികൾക്ക് വലിയ ലാഭം ലഭിക്കുന്നുമുണ്ട്. സ്പൈസസ് ബോർഡ് ഏലം കർഷകരെ സഹായിക്കുന്നതിനായി ലേലം കൂട്ടിവിളിക്കുന്നതിനുള്ള തുക ഉയർത്തിയെങ്കിലും ഇടനിലക്കാർ ഇതിനെ ശക്തമായി എതിർക്കുകയും ലേലം ബഹിഷ്കരിക്കുകയും ചെയ്തിരുന്നു. ഇത് കർഷകരെ പ്രതിസന്ധിയിലാക്കി. ഏലം വിൽക്കാൻ കഴിയാത്ത അവസ്ഥ വന്നു. അതുകൊണ്ടാണ് കർഷകർക്ക് ലേലം കൂടാതെ ഏലം വിപണിയിൽ വിൽക്കാൻ അവസരം വേണമെന്ന് ഞാൻ ആവശ്യപ്പെട്ട്. സ്പൈസസ് ബോർഡ് അംഗമെന്ന നിലയിൽ ഞാൻ അവിടെയും ഇക്കാര്യം ഉന്നയിച്ചിരുന്നു. ലേലം നടന്നോട്ടെ, പക്ഷെ കർഷകർക്ക് വിപണി തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം വേണം. ഈ നിലപാട് ഇടനിലക്കാരായിനിൽക്കുന്ന ചില വ്യാപാരികൾക്ക് ഇഷ്ടമായില്ല. അവർ എനിക്കെതിരെ നടന്ന പ്രചരണങ്ങൾക്ക് പിന്നിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അതുപോലെ ചില വൻകിട ഏലം കർഷകർ തോട്ടങ്ങളിൽ എൻഡോസൾഫാൻ ഉൾപ്പെടെയുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതിനെയും ഞാൻ എതിർത്തിട്ടുണ്ട്. ഏലം മേഖലയിൽ നിന്നും എനിക്കെതിരെ ശ




കേരളീയം ബിജു.എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ് പരിപാടിയിൽ പി.ടി. തോമസ് സംസാരിക്കുന്നു.

ത്രുത വരാൻ അതും കാരണമായി. മൂന്നാറിലെ കയ്യേറ്റങ്ങളെ എതിർത്തതിന്റെ പേരിലും ശത്രുതയുണ്ടായിട്ടുണ്ട്. വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടത്തിയ മൂന്നാർ ഓപ്പറേഷന് മുമ്പ് തന്നെ ഡി.സി.സി പ്രസിഡന്റായിരുന്ന കാലത്ത് മൂന്നാറിൽ കയ്യേറ്റം വ്യാപകമാണെന്ന് ഞാൻ സർക്കാറിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. സി.പി.എമ്മിന്റെ ജില്ലാ നേതൃത്വമായിരുന്നു പ്രധാന കയ്യേറ്റക്കാർ. അത് പിന്നീട് എല്ലാവർക്കും ബോധ്യമായ കാര്യമാണ്. അതിന്റെ ശത്രുതയും സി.പി.എമ്മിന് എന്നോടുണ്ട്. ലൈസൻസ് ഇല്ലാത്ത പാറമടകൾക്കെതിരെ ജനങ്ങൾ നൽകിയ നിരവധി നിവേദനങ്ങൾ ഞാൻ സർക്കാറിന് സമർപ്പിച്ചിട്ടുണ്ട്. അവരും ശത്രുത കാണിച്ചിരിക്കാം. എന്തായാലും നിരവധി അദൃശ്യ ശക്തികൾ ഹൈറേഞ്ച് സംരക്ഷണ സമിതിക്ക് പിന്നിലുണ്ടായിരുന്നു. പട്ടയ പ്രശ്നമെല്ലാം പുകമറ സൃഷ്ടിക്കുന്നതിനായി പറയുന്നെന്ന് മാത്രം. അക്കാര്യത്തിൽ അവർക്ക് ആത്മാർത്ഥതയില്ലാത്തതുകൊണ്ടാണ് പെരിഞ്ചാംകുട്ടിയിലെ പാവപ്പെട്ട കർഷകർക്ക് സർക്കാർ പട്ടയം നൽകാൻ തീരുമാനിച്ചപ്പോൾ അവർ എതിർത്തത്.

**വ്യാജ പട്ടയമുണ്ടാക്കി ജോയ്സ് ജോർജ്ജ് അനധികൃതമായി ഭൂമി സമ്പാദിച്ച കേസ് പുറത്തുവന്നതോടെ ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ മറ്റ് താത്പര്യങ്ങളും പുറത്ത് വന്നിരിക്കുകയല്ലേ?**

തീർച്ചയായും. ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പ്രതിഷേധത്തിന് പിന്നിൽ മറ്റ് താത്പര്യങ്ങളുണ്ടെന്ന് ഞാൻ ആവർത്തിച്ച് പറഞ്ഞതിന് തെളിവാണ് ഈ സംഭവം. അതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്തണമെന്നാണ് ഞാൻ ഇപ്പോഴും ആവശ്യപ്പെടുന്നത്. മാത്രമല്ല, ജോയ്സ് ജോർജ്ജ് ഹൈക്കോടതിയിൽ മലിനീകരണ നിയന്ത്രണ ബോർഡിന് (പി.സി.ബി) വേണ്ടി ഹാജരാകുന്ന അഭിഭാഷകനാണ്. ക്വാറികൾക്ക് അനുമതി നൽകുന്ന ഒരു ഏജൻസിയാണ് മലിനീകരണ നിയന്ത്രണ ബോർഡ്. പി.സി.ബി അഭിഭാഷകൻ എന്ന നിലയിൽ ക്വാറി ഉടമകളെ അദ്ദേഹം സ്വാധീനിക്കാൻ ശ്രമിച്ചതായും ആരോപണമുണ്ട്. അതും അന്വേഷിക്കണം. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം ഇ.എസ്.എകളുടെ നിയന്ത്രണം പി.സി.ബിക്കാണ്. അതിനാൽ, പി.സി.ബിയുടെ അഭിഭാഷകനായിരിക്കെ ജോയ്സ് ജോർജ്ജ് കസ്തൂരിരംഗൻ റിപ്പോർട്ടിനെ എതിർക്കുന്നതിലും വിരോധാഭാസമുണ്ട്.

ഹൈറേഞ്ച് സംരക്ഷണ സമിതി പറയുന്ന പല കാര്യങ്ങളും അവർക്ക് തന്നെ തിരിച്ചടിയാവുകയാണ്. ഗാഡ്ഗിൽ സമിതിയിലെ ചില അംഗങ്ങൾ അശോക ട്രസ്റ്റ് എന്ന സംഘടനയിൽ നിന്നും വിദേശ ഫണ്ട് കൈപ്പറ്റുന്നവരാണെന്ന് അവർ അരോപിച്ചിരുന്നു. അശോക ട്രസ്റ്റിന് ഫണ്ട് കൊടുക്കുന്നത് യു.എസ് എയ്ഡ് എന്ന സന്നദ്ധ സംഘടനയാണ്. അതേ സംഘടനയുടെ ഫണ്ട്  ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നേതാവായ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര ഡയറക്ടറായിട്ടുള്ള ഹൈറേഞ്ച് ഡവലപ്മെന്റ് സൊസൈറ്റി വാങ്ങുന്നതായി അവരുടെ വൈബ് സൈറ്റ് പരിശോധിച്ചാൽ മനസ്സിലാകും. അവർ വിദേശ ഫണ്ട് വാങ്ങുന്നുണ്ടെന്ന സത്യം പുറത്തു പറഞ്ഞതിന് എനിക്കെതിരെ ഒരു കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് വക്കീൽ നോട്ടീസ് അയച്ചിരിക്കുകയാണ്. എല്ലാവിധത്തിലും എന്നെ പ്രതിരോധിക്കാനാണ് അവർ ശ്രമിക്കുന്നത്.

ഗാഡ്ഗിൽ റിപ്പോർട്ട് വന്ന സമയത്ത് പൊതുവായ കള്ളപ്രചരണങ്ങളാണ് നടത്തിയത്. ആറ് മണി കഴിഞ്ഞാൽ കുട്ടികൾ കരയാൻ പാടില്ല. ആനയ്ക്ക് നടന്നുപോകാൻ റോഡിൽ വഴിയിടേണ്ടിവരും. ആരെയും ഇറക്കിവിടുമെന്ന് റിപ്പോർട്ട് പറയുന്നില്ലെങ്കിലും ആന ചവിട്ടിക്കൊല്ലുമ്പോൾ തനിയെ ഇറങ്ങിപ്പോകേണ്ടിവരും. തുടങ്ങിയ നട്ടാൽ മുളയ്ക്കാത്ത നുണകൾ പൊതുയോഗങ്ങൾപ്പോലും വിളിച്ചുപറഞ്ഞു. പിന്നീട് അത് എനിക്ക് നേരെ മാത്രം തിരിഞ്ഞു. ഉടുമ്പൻചോലയിലെ ഉപ്പുതോട് വില്ലേജിലാണ് എന്റെ വീട്.

ആ വില്ലേജ് ഞാൻ ഇ.എസ്.എയിൽ നിന്നും ഒഴിവാക്കിയെടുത്തു എന്ന് പ്രചരപ്പിച്ചു. ഉടുമ്പൻചോല താലൂക്കിലെ 23 വില്ലേജും കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം ഇ.എസ്.എയുടെ പരിധിയിൽ വരുന്നതാണെന്ന വളരെ പ്രത്യക്ഷമായ വസ്തുതയെപ്പോലും വളച്ചൊടിച്ചു. എന്റെ പ്രതീകാത്മക ശവഘോഷയാത്ര നടത്തി, ഒപ്പീസുചൊല്ലി പോത്തിറച്ചിവച്ചുകഴിച്ചു. വൈദികരാണ് ഇതിന് പിന്നിലുണ്ടായിരുന്നതെന്നതാണ് ഏറ്റവും വിഷമിപ്പിക്കുന്ന കാര്യം. അത്തരം ആരോപണങ്ങളെയെല്ലാം പ്രതിരോധിച്ചതിന്റെ ഭാഗമാകാം എനിക്കുണ്ടായ ഈ ആരോഗ്യപ്രശ്നങ്ങൾ.

**ഇടുക്കിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഈ രാഷ്ട്രീയ അസംബന്ധം ഇതുപോലെ തുടരുമെന്ന് താങ്കൾ കരുതുന്നുണ്ടോ? പി.ടി. തോമസ് എന്ന രാഷ്ട്രീയ പ്രവർത്തകന്റെ പ്രതീക്ഷയെന്ത് ?**

ഹൈറേഞ്ച് സംരക്ഷണ സമിതിയും സി.പി.എമ്മും ചേർന്ന് ഇടുക്കിയിൽ ഉണ്ടാക്കിയ കോലാഹലങ്ങൾ വൈകാതെ കെട്ടടങ്ങുമെന്ന് എനിക്കുറപ്പുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങൾ അതിരൂക്ഷമാണവിടെ. കാലാവസ്ഥ വ്യതിയാനം കാരണം കർഷകർക്ക് വേണ്ടത്ര വിളവ് കിട്ടുന്നില്ല. കാർഷിക മേഖല പാരിസ്ഥിതിക നാശം കാരണം തകർന്നുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് സംസാരിക്കാതെ ഇടുക്കി ജില്ലയിൽ ഒരാൾക്കും ജീവിക്കാൻ കഴിയാത്ത അവസ്ഥ വൈകാതെയുണ്ടാകും. അന്ന് എല്ലാ പാർട്ടിക്കാരും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻകൈയെടുക്കും. ആർക്കും അത് കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. അന്ന് ഹൈറേഞ്ച് സംരക്ഷണ സമിതിക്കും ഗാഡ്ഗിൽ റിപ്പോർട്ട് പരിഗണിക്കേണ്ടിവരും. വിശ്വാസികൾ പരിസ്ഥിതി സംരക്ഷണത്തിനായി നിലകൊള്ളേണ്ടതിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ ഒരു പുസ്തകം പുറത്തിറക്കിയിട്ടുണ്ട്, പച്ചയായ പുൽത്തകിടിയിലേക്ക്. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രധാന്യവും അതിനായി ചെയ്യേണ്ട പ്രവർത്തനങ്ങളും വളരെ വ്യക്തമായി അതിൽ അക്കമിട്ട് പറഞ്ഞിട്ടുണ്ട്. ആ രേഖയാകും ചരിത്രത്തിൽ കത്തോലിക്കാ സഭയുടെ നിലപാടി രേഖപ്പെടുത്താൻ പോകുന്നത്. ഹൈറേഞ്ച് സംരക്ഷണ സമിതിയുണ്ടാക്കിയ ബഹളങ്ങളെല്ലാം വൈകാതെ തന്നെ തഴയപ്പെടും. ■

## ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം: സി.എസ്.ഐ സഭ ഇടയലേഖനം

പശ്ചിമഘട്ടം സംരക്ഷിക്കാൻ ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കണം എന്നാവശ്യപ്പെട്ട്
സി.എസ്.ഐ സഭ 2014 ജൂണിൽ പള്ളികളിൽ ഇടലേഖനം വായിച്ചു.
'ജീവന്റെ നിലനിൽപ്പിനായി നമുക്ക് ശബ്ദമുയർത്താം' എന്ന തലക്കെട്ടിലുള്ള ഇടലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ

**സി.എസ്.ഐ** സഭ എന്തുകൊണ്ടാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ പിന്താങ്ങുന്നത്? സി.എസ്.ഐ സഭയുടെ പരിസ്ഥിതി കമ്മിറ്റി അനവധി വർഷങ്ങളായി ഉന്നയിച്ചുവരുന്നതായ പല കാര്യങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിലുണ്ട്. സാമ്പത്തിക ശാസ്ത്രത്തെയും പരിസ്ഥിതി ശാസ്ത്രത്തെയും സമന്വയിപ്പിക്കുന്നതും വികസനത്തെയും സംരക്ഷണത്തെ ഒന്നായിക്കാണുന്നതും നിയന്ത്രണങ്ങൾക്കൊപ്പം പലവിധ പ്രോത്സാഹന നടപടികളും സബ്സിഡികളും ഉൾക്കൊള്ളുന്നതുമായ ശുപാർശകളാണ് ഗാഡ്ഗിൽ സമിതിയുടെ റിപ്പോർട്ടിലുള്ളത്. അന്തിമ തീരുമാനം കൈക്കൊള്ളാൻ തദ്ദേശീയ സമൂഹത്തിന്റെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദശിക്കുന്നു. ഇതൊക്കെ എങ്ങനെയാണ് പശ്ചിമഘട്ട മേഖലയിലെ കാർഷിക ജീവിതം പാടെ തകരുമെന്നും കൃഷിക്കാർ കുടിയൊഴിഞ്ഞ് പോകേണ്ടിവരുമെന്നും പറയുവാൻ സാധിക്കുക. ഏറ്റവും ശ്രദ്ധാർഹമായിട്ടുള്ളത്, അഞ്ഞൂറിൽപ്പരം പേജുള്ള ഗാഡ്ഗിൽ റിപ്പോർട്ടിൽ ഒരു വരിപോലും കർഷകർക്കെതിരായിട്ടില്ല എന്നതാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെതിരെ നടന്നുവരുന്ന സമരങ്ങളുടെ പിന്നിൽ നിഗൂഢ താത്പര്യങ്ങളാണ്. ഭൂമിയെ ചരക്കാക്കി മാത്രം കാണുന്ന വിപണി സമ്പദ്‌വ്യവസ്ഥയിൽ അഭിരമിക്കുന്ന റിസോർട്ട് മാഫിയകളും ഖനി, മണൽ, ക്വാറി സംഘങ്ങളുമാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെതിരായ സമരം സ്പോൺസർ ചെയ്യുന്നത്. നാലായിരത്തൊരുന്നൂറ് ക്വാറികളാണ് പശ്ചിമഘട്ട മലനിരകളിൽ പ്രവർത്തിക്കുന്നത്. അതിൽ രണ്ടായിരത്തി ഒരുന്നൂറ്റിനാൽപ്പത് ക്വാറികൾക്ക് മൈനിംഗ് ക്ലിയൻസുണ്ടെങ്കിലും പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ല. ബാക്കിവരുന്ന രണ്ടായിരത്തിനടുത്ത് ക്വാറികൾ അനധികൃതമായാണ് പ്രവർത്തിക്കുന്നത്. നിയമാനുസരണമല്ലാത്ത ക്വാറികൾക്ക് പ്രവർത്തിക്കുവാൻ സാധിക്കുന്നത് രാഷ്ട്രീയ പിൻബലമുള്ളതുകൊണ്ടാണ്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് സി.എസ്.ഐ സഭ ആവശ്യപ്പെടുന്നു. വ്യാപകമായി തണ്ണീർത്തടങ്ങൾ നികത്തിയും വനം നശിപ്പിച്ചും കുന്നുകൾ ഇടിച്ചും നടത്തുന്ന എല്ലാ വികസനപ്രവർത്തനങ്ങളും പാരിസ്ഥിതിക ദുരന്തത്തിനിടയാക്കുമെന്ന് സി.എസ്.ഐ സഭ വിശ്വസിക്കുന്നു. എവിടെ ദൈവത്തിന്റെ അധീശത്വം അംഗീകരിക്കപ്പെടുന്നോ, എവിടെ ജീവൻ സ്നേഹപൂർവ്വം പങ്കുവയ്ക്കുന്നോ, എവിടെ ഭൂമിയെ കരുതുന്നുവോ, അവിടെ ജീവൻ അതിന്റെ പൂർണ്ണതയിൽ ആഘോഷിക്കപ്പെടും. ദൈവം നല്ലതെന്ന് വിലയിരുത്തിയ പ്രപഞ്ചത്തെ പരിരക്ഷിക്കുവാൻ ദൈവജനം പ്രതിജ്ഞാബദ്ധമാണ്. ജീവന്റെ നിഷേധങ്ങൾക്കെതിരെ ശബ്ദമുയർത്തുവാനും ശബ്ദമില്ലാത്തവരുടെ ശബ്ദമായി തീരുവാനും ദൈവജനത്തിനാകണം. മൂകനുവേണ്ടി, ആശ്രയമറ്റവരുടെയെല്ലാം അവകാശങ്ങൾക്കുവേണ്ടി, നീ നിന്റെ വായ തുറക്കൂ. (സദൃ. 31:8)